
ബൈബിൾ ചിത്രകഥ 29

MAR LOUIS PUBLICATIONS

# മക്കബേയൂസ്



റോമാസാമ്രാജ്യത്തിന്റെ ശക്തമായ ആക്രമണത്തിന്റെ മുമ്പിൽ തകർന്നുകൊണ്ടിരിക്കുന്ന സാമ്രാജ്യത്തിന്റെ കെട്ടുറപ്പിന് ജനതകളുടെ ഐക്യം ആവശ്യമാണെന്നു മനസ്സിലാക്കിയ അന്തിയോക്കോസ് നാലാമൻ തന്റെ പ്രജകളെ മുഴുവൻ യവന സംസ്കാരത്തിൻകീഴിൽ ഒന്നിപ്പിക്കാൻ ശ്രമിച്ചു. ഇതര മതാചാരങ്ങളെല്ലാം മുടക്കി. യവന സംസ്കാരത്തെ പുരോഗമനത്തിന്റെയും ആധുനികതയുടെയും അട

യാളമായി കരുതിയവർ ഈ പുതിയ നയത്തെ സന്തോഷത്തോടെ സ്വീകരിച്ചു. യഹൂദജനതയിലെ പല പ്രമാണികളും പുരോഹിതന്മാരും ഈ സാംസ്കാരിക മുന്നേറ്റത്തിന്റെ മുന്നണിയിൽത്തന്നെ നില കൊണ്ടു. എന്നാൽ, സാധാരണ ജനങ്ങളുടെ പ്രതികരണം നേരേ മറിച്ചായിരുന്നു .

വിശ്വാസം സംരക്ഷിക്കാൻ വേണ്ടി ക്രൂരമായ പീഡനങ്ങളും മരണം തന്നെയും ഏറ്റുവാങ്ങാൻ അനേകർ തയ്യാറായി.

ദാനിയേൽ, എസ്തേർ, യൂദിത്ത് മുതലായ ഗ്രന്ഥങ്ങൾ അവർക്കു പ്രചോദനവും ശക്തിയും പ്രദാനം ചെയ്തു. എന്തു ത്യാഗം സഹിച്ചും നിയമം അനുസരിക്കാൻ പ്രതിജ്ഞയെടുത്ത ഒരു സമൂഹം "ഹാസിദിം" എന്ന പേരിൽ രൂപം കൊണ്ടു. ഇവരുടെ പിൻഗാമികളാണ് പിന്നീട് ഫരിസേയർ എന്നറിയപ്പെട്ടത്.

വിദേശീയാധിപത്യത്തിനും ക്രൂരമായ മതമർദ്ദനത്തിനുമെതിരെ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന ജനരോഷം ഒരിക്കൽ പെ

ട്ടെന്ന് ആളിക്കത്തി. കാട്ടുതീ പോലെ കത്തിപ്പടർന്ന ആ വിപ്ലവാഗ്നിക്ക് തീ കൊളുത്തിയത് മത്താത്തിയാസ് എന്ന പുരോഹിതനായിരുന്നു. അദ്ദേഹവും അഞ്ചു മക്കളും കൂടി യവന സംസ്കാരത്തിന്റെ മുന്നേറ്റത്തിനെതിരെ നടത്തിയ ഐതിഹാസികമായ ചെറുത്തുനിൽപ്പിന്റെ ചരിത്രമാണ് 1, 2, മക്കബായർ. അന്തിയോക്കസ് നാലാമന്റെ സ്ഥാനാരോഹണം മുതൽ മക്കബായ സഹോദരന്മാരിൽ അവസാനത്തെ ആളായ ശിമയോന്റെ

മരണം വരെ (ബി സി  175-134 ) ഉള്ള കാലഘട്ടത്തിന്റെ വിവരണമാണിത്. കത്തോലിക്കർ ഈ പുസ്തകങ്ങളെ ബൈബിളിന്റെ ഭാഗമായി കരുതുമ്പോൾ ഇതര ക്രൈസ്തവ സഭകൾ ഇവയെ അപ്രമാണിക ഗ്രന്ഥങ്ങളായി പരിഗണിക്കുന്നു.

മതമർദ്ദനത്തിന്റെ ക്രൂരതയും അതിനെതിരേ മത്താത്തിയാസും മക്കളും നടത്തിയ ചെറുത്തുനിൽപ്പിന്റെ ആദ്യഭാഗവുമാണ് ഈ ചിത്രകഥയിൽ വിവരി

ക്കുന്നത്. മക്കബേയൂസ് എന്നറിയപ്പെടുന്ന യൂദാസാണ് ഈ കഥയിലെ മുഖ്യനായകൻ. ചുറ്റിക എന്നർത്ഥമുള്ള "മക്കാബ" എന്ന ഹെബ്രായ നാമത്തിൽ നിന്നാണ് മക്കബേയൂസ് എന്ന പേരിന്റെ ഉത്ഭവം. അധർമ്മിയായ സിറിയൻ ചക്രവർത്തിയുടെ അഹങ്കാരത്തിന്റെ കൊമ്പു തകർക്കാൻ ദൈവം ഉപയോഗിച്ച ചുറ്റികയായി ജനം യൂദാസിനെ കണ്ടു.

തങ്ങളുടെ വിശ്വാസം അനുസരിച്ചു ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി

മറ്റു മാർഗ്ഗമൊന്നും ഇല്ലാതെ വന്നപ്പോൾ, ആയുധമെടുക്കാൻ തയ്യാറായ ഉറച്ച ദൈവഭക്തനും ധീരയോദ്ധാവുമാണ് മക്കബേയൂസ്. വിശ്വാസത്തിൽ നിന്നുളവാകുന്ന ധീരതയുടെ മാതൃകയാണദ്ദേഹം. രാജ്യഭക്തിയും ദൈവഭക്തിയും അദ്ദേഹത്തിൽ ഒരുപോലെ പ്രശോഭിക്കുന്നു. ഏതു പ്രതിസന്ധിയിലും കർത്താവിൽ ആശ്രയിച്ചു പ്രാർത്ഥിക്കുകയും ജീവൻ ത്യജിച്ചും സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുകയും ചെയ്ത മക്കബേയൂസ് പ്രാർത്ഥനയും

പ്രവൃത്തിയും വിശ്വാസവും വിപ്ലവവും പരസ്പര പൂരകങ്ങളായി സമന്വയിക്കപ്പെടുന്നതിന്റെ ഉത്തമോദാഹരണമാണ്.


ബൈബിൾ ചിത്രകഥ-29
മക്കബേയൂസ്
രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി


സിറിയ രാജാവായ അന്തിയോക്കസ് നാലാമൻ ബി സി 167 ഡിസംബർ മാസത്തിൽ ജെറുസലേം ദേവാലയത്തിൽ ഗ്രീക്കുകാരുടെ ദേവനായ സേവൂസിന്റെ വിഗ്രഹം പ്രതിഷ്ഠിച്ചു. മാസം തോറും രാജാവിനു വേണ്ടിയുള്ള ബലിയർപ്പണം നിർബന്ധമാക്കി. യഹൂദമതാചാരങ്ങളെല്ലാം നിരോധിച്ചു. വേദപുസ്തകം വച്ചുസൂക്ഷിക്കുക മരണാർഹമായ കുറ്റമായി. കയ്യിൽ കിട്ടിയ വേദപുസ്തകച്ചുരുളുകൾ പടയാളികൾ കത്തിച്ചു.
കണ്ടില്ലേ നിങ്ങളുടെ ദൈവവചനം !
ഇതുപോലുള്ള ചുരുളുകൾ ഇനി ആരെങ്കിലും വീട്ടിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ എടുത്തു കൊണ്ടുവരണം. ഞങ്ങൾ തിരഞ്ഞു കണ്ടെത്തിയാൽ അതു നിങ്ങളുടെ നാശമായിരിക്കും.
!!?


രാജകൽപന ലംഘിച്ച് മക്കളെ ഛേദനാചാരം ചെയ്ത അമ്മമാരുടെ കഴുത്തിൽ അവരുടെ മക്കളെ തൂക്കിക്കൊന്നു.
എന്നെയും കൊല്ലൂ...
നടക്ക്... പൊതുസ്ഥലത്തുവച്ച് എല്ലാവരെയും ഒന്നിച്ചാണ് കൊല്ലുന്നത്.


എലെയാസർ എന്നൊരു വൃദ്ധനെ പടയാളികൾ പിടികൂടി.
ഈ പന്നിയിറച്ചി തിന്നു. ഇതിലെന്താ തെറ്റ്? മനുഷ്യനു ഭക്ഷണമായി ദൈവം സൃഷ്ടിച്ചതല്ലേ മൃഗങ്ങളെയെല്ലാം?
അതു കർത്താവിന്റെ നിയമത്തിനു വിരുദ്ധമാണ്.


ഇത് ആട്ടിറച്ചിയാണ്. നിന്റെ ജീവൻ രക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.
കാണികൾക്ക് ഇതു പന്നിയിറച്ചി തന്നെ. ഞാൻ വൃദ്ധനായി. ഇനി അധികനാൾ ജീവിക്കാനാവില്ല.


ഞാൻ നിയമം ലംഘിച്ചു എന്ന് യുവാക്കൾ അറിഞ്ഞാൽ അത് അവർക്കൊരു ദുർമ്മാതൃകയാവും. കർത്താവിന്റെ നിയമം എനിക്ക് ജീവനേക്കാൾ വിലപ്പെട്ടതാണ്.


നിന്റെ പ്രായത്തെ പരിഗണിച്ചു കരുണ കാട്ടാമെന്നു ഞാൻ കരുതി. രാജകല്പന ലംഘിക്കുന്നതിന്റെ ഫലം നീ അറിയും. ഇവന്റെ നാവു പിഴുതെടുക്കൂ!
?!




ഒരമ്മയേയും  ഏഴു മക്കളെയും അവർ പന്നിമാംസം തിന്നാൻ നിർബന്ധിച്ചു. വിസമ്മതിച്ചതിനാൽ മൂത്തവൻ തുടങ്ങി ഓരോരുത്തരെ കഠിനമായി പീഡിപ്പിച്ചു കൊന്നു. ഏറ്റം ഇളയവനും അമ്മയും മാത്രം അവശേഷിച്ചു.
നിന്റെ സഹോദരന്മാർക്കു സംഭവിച്ചതു  കണ്ടില്ലേ? ഞാൻ പറയുന്നതനുസരിച്ചാൽ നിന്നെ ഒരു പ്രവിശ്യയുടെ ഭരണാധിപനാക്കാം.
സമ്മാനങ്ങൾ നീ തന്നെ സൂക്ഷിച്ചുകൊള്ളൂ. നീ എന്റെ ജീവൻ എടുത്താൽ പ്രപഞ്ചനാഥനായ കർത്താവ്  നിത്യജീവിതത്തിലേക്കു  ഞങ്ങളെ ഉയിർപ്പിക്കും.


ഹേ, സ്ത്രീയേ, ഒരു മകനെങ്കിലും ജീവിച്ചു കാണാൻ നിനക്കാഗ്രഹമില്ലേ? നീ തന്നെ ഇവനോടു പറയൂ.




പുനരുത്ഥാനത്തിൽ വിശ്വസിച്ചുകൊണ്ട് ആ മകനും അവസാനം അമ്മയും മരണം വരിച്ചു.


ലേവീഗോത്രത്തിൽപെട്ട
ഹസ്മൊണേയൂസിന്റെ കുടുംബത്തിൽ മത്താത്തിയാസ്
എന്നൊരു പുരോഹിതനുണ്ടായിരുന്നു. ജെറുസലേമിനു
വടക്ക് മോദെയിൻ പട്ടണത്തിലാണ് അയാൾ
ജീവിച്ചിരുന്നത്. അയാൾക്ക് അഞ്ചു പുത്രന്മാരുണ്ടായിരുന്നു.
യോഹന്നാൻ
ശിമയോൻ
യൂദാസ് മക്കബേയുസ്
എലെയാസർ
ജോനാഥൻ


നമ്മൾ എത്രകാലമാണ് ഈ കൂട്ടക്കുരുതി കണ്ടു കയ്യും കെട്ടി ഇരിക്കുന്നത്?
നിയമത്തിനു വേണ്ടി മരിക്കുകയാണെങ്കിൽ പൊരുതി മരിക്കണം. നിങ്ങൾ ആയുധമെടുക്കുകയില്ലെങ്കിൽ യൂദിത്തിനെപ്പോലെ ഞാൻ ഇറങ്ങും മുന്നിൽ.
ഞാൻ അവസരം കാത്തിരിക്കുകയായിരുന്നു.
!!?


ഏഴു മക്കൾ മരിക്കുന്നതു കണ്ട ആ തള്ളയെപ്പോലെ നോക്കി നില്ക്കാൻ ഞാനില്ല. നിങ്ങൾക് ഇനിയും സമയമായില്ലെങ്കിൽ എനിക്കു സമയമായി.


അധർമ്മിയായ കൊലയാളിയുടെ മുമ്പിൽ കഴുത്തു കാട്ടുന്നത് ഭീരുത്വമാണ്. അവൻ നമ്മളെ പുച്ഛിക്കും. ഉന്മൂലനം ചെയ്യും.


ജീവിതത്തിലും മരണത്തിലും നമ്മൾ ഒന്നിച്ചായിരിക്കും.
ഇന്നു രാജസേവകർ പട്ടണത്തിൽ വരുന്നുണ്ട്.
പന്നിയെ ബലിയർപ്പിക്കാൻ അനുവദിക്കരുത്.


ഹേ മത്താത്തിയാസ്, നിങ്ങൾ പുരോഹിതനും ഈ പട്ടണത്തിലെ മാന്യനുമല്ലേ. ഈ പന്നിയെ ബലിയർപ്പിച്ച് മാതൃക കാട്ടണം.
സാധ്യമല്ല.
?
എന്നാൽ ഞാൻ ബലിയർപ്പിക്കാം.


ബലിയർപ്പിക്കാൻ മുന്നോട്ടു വന്നയാളെ മത്താത്തിയാസ് വധിച്ചു. രാജസേവകനെയും.
!?
!!!


അവർ ബലിപീഠം ഇടിച്ചു നിരത്തി.
കർത്താവിന്റെ നിയമം അനുസരിക്കാൻ തീരുമാനിച്ചിരിക്കുന്നവർ എന്റെ കൂടെ വരുവിൻ. വിശുദ്ധമായ ഉടമ്പടിക്കുവേണ്ടി നമ്മൾ യുദ്ധം ചെയ്യാൻ പോവുകയാണ്.
ഞാൻ വരുന്നു.
ഞാനും.


അവർ തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ചു വനത്തിലേക്ക് ഓടി. ഒളിപ്പോരിനൊരുങ്ങി. അനേകർ അവരെ അനുഗമിച്ചു. അന്നൊരു ദിവസം...
നീ ആരാണ്, എവിടെ നിന്നു വരുന്നു?
നിങ്ങളുടെ കൂടെ ചേരാനായി വന്നതാണു ഞങ്ങൾ. ആയുധമേന്തിയ ആയിരത്തിൽപരം പുരുഷന്മാർ, സ്ത്രീകളും കുട്ടികളും ഉണ്ടായിരുന്നു.
അവരെല്ലാം എവിടെ?


ഇന്നലെ ഒരു സംഘം പടയാളികൾ ഞങ്ങളെ ആക്രമിച്ചു. എല്ലാവരെയും കൊന്നു കളഞ്ഞു. ഒളിച്ചിരുന്ന എന്നെ  അവർ കണ്ടില്ല.


നിങ്ങൾ ആയിരം പേരുണ്ടായിരുന്നിട്ടും?
ഇന്നലെ സാബത്തായിരുന്നതിനാൽ ഞങ്ങൾ ആയുധം ഉപയോഗിച്ചില്ല.


സഹോദരങ്ങളേ, നമ്മുടെ നാടിനും വിശുദ്ധനിയമത്തിനും വേണ്ടിയുള്ള പോരാട്ടമാണിത്. സാബത്തിൽ നമ്മൾ അക്രമിക്കുകയില്ല. ശത്രു ആക്രമിച്ചാൽ ആയുധമെടുത്തേ മതിയാകൂ.
തീർച്ചയായും നിയമം കാക്കാൻ സാബത്തിലും യുദ്ധം ചെയ്യണം.


മത്താത്തിയാസിന്റെ സംഘം അനുദിനം വർദ്ധിച്ചു വന്നു. അവർ ചുറ്റി നടന്നു ബലിപീഠങ്ങൾ തകർത്തു. സിറിയൻ പടയാളികളുടെ ചെറിയ സംഘങ്ങളെയും അവർക്കു കൂട്ടു നിന്ന ഇസ്രായേൽക്കാരെയും വധിച്ചു.
ഈ ഗ്രാമത്തിൽ അപരിച്ഛേദിതരായുള്ള സകല ആണുങ്ങളെയും പരിച്ഛേദനം ചെയ്യുവിൻ. ഈ പടയാളികളുടെ ആയുധങ്ങളും പടച്ചട്ടകളും എടുക്കുവിൻ.


വേഗം അടുത്ത ഗ്രാമത്തിലേക്കു നീങ്ങണം. സൈന്യം എത്തുന്നതിനു മുമ്പേ തിരിച്ചു കാട്ടിലേക്കും.


ഏറെ താമസിയാതെ മത്താത്തിയാസ് രോഗിയായി. തന്റെ മരണമടുത്തു എന്ന് മനസ്സിലാക്കിയ അദ്ദേഹം അനുയായികളെ വിളിച്ചുകൂട്ടി.
മക്കളേ, എന്റെ സമയമായി. നിയമത്തെ പ്രതി ഏലിയായെപ്പോലെ തീക്ഷ്ണതയുള്ളവരായിരിക്കുവിൻ. ദാനിയേലിനെ സിംഹങ്ങളുടെ വായിൽ നിന്നു രക്ഷിച്ച ദൈവം നിങ്ങളെ കാത്തുകൊള്ളും.


ശിമയോൻ വിവേകിയാണ്. അവന്റെ ഉപദേശം നിങ്ങൾ സ്വീകരിക്കണം.


യൂദാസ് മക്കബേയൂസ്
ധീരനായ  യോദ്ധാവാണ്. അവനെ
നിങ്ങൾ അനുഗമിക്കണം. കർത്താവിന്റെ
ആലയം നിങ്ങൾ വീണ്ടെടുത്ത്
വിശുദ്ധീകരിക്കണം.


മത്താത്തിയാസ് മരിച്ചു. മൃതദേഹം അവർ മോദെയിനിൽ, പിതാക്കന്മാരുടെ കല്ലറയിൽ സംസ്കരിച്ചു.
ഓ മത്താത്തിയാസ്, സഹോദരാ, നീ എത്ര പെട്ടെന്ന് ഞങ്ങളെ വിട്ടു പിരിഞ്ഞു.
ഇനി ആരാണ് ഞങ്ങളെ സിറിയക്കാരിൽ നിന്നു മോചിപ്പിക്കുക!
പടയാളികൾ അടുത്തെത്തിയിട്ടുണ്ട്. നിങ്ങൾ ഇവിടെ വന്നിട്ടുണ്ടെന്ന് സേനാധിപൻ അറിഞ്ഞു.


നമുക്കു വേഗം ഒളി സ്ഥലത്തേക്കു പോകാം. ഇപ്പോൾ ചെറുത്തു നില്ക്കുന്നത് ഉചിതമല്ല. ഇവിടുത്തുകാരെല്ലാം വീടുകളിലേക്കു മടങ്ങട്ടെ.


ആരെങ്കിലും ചോദിച്ചാൽ നിങ്ങൾ ഒന്നും കണ്ടില്ല. കേട്ടില്ല. നിങ്ങൾക്കൊന്നും അറിയില്ല. മനസ്സിലായല്ലോ?
?!!


മക്കബേയൂസ് നേതൃത്വം ഏറ്റെടുത്തു. യൂദായിൽ നിന്ന് ഒളിച്ചോടിയ അനേകർ അവനോടുചേർന്നു. അവർക്കു യുദ്ധ പരിശീലനം നല്കി ഒരു സൈന്യത്തെ രൂപീകരിച്ചു.
സഹോദരന്മാരെ, നമ്മൾ കാടുവിട്ടിറങ്ങാൻ സമയമായി. സിറിയക്കാരുടെ അക്രമങ്ങൾക്ക് അറുതി വരുത്തണം. അവരോടു ചേർന്ന അധാർമ്മികളായ ഇസ്രായേൽക്കാരെ ശിക്ഷിക്കണം.
നമ്മൾ ഇപ്പോൾ തന്നെ ഗ്രാമങ്ങളിൽ പോകാറുണ്ടല്ലോ.


അങ്ങനെ ഒറ്റപ്പെട്ട ശിക്ഷാ നടപടികൾ പോരാ. സിറിയൻ സേനാധിപനായ അപ്പോളോണിയസ് വലിയൊരു സൈന്യവുമായി തെക്കോട്ടു നീങ്ങിയിട്ടുണ്ട്.


അവർ പ്രതീക്ഷിക്കാത്ത നിമിഷത്തിൽ അവരുടെമേൽ ചാടി വീഴണം. നമ്മുടെ ആദ്യത്തെ യുദ്ധമാണിത്. ധീരരായിരിക്കുക. കർത്താവിൽ ആശ്രയിക്കുക.
!!


യൂദാസും കൂട്ടരും അപ്പോളോണിയസിനെതിരെ പുറപ്പെട്ടു.
സഹോദരരേ, അതാ അപ്പോളോണിയസിന്റെ സൈന്യം. പ്രഭാതത്തിൽ നമ്മൾ പാളയം ആക്രമിക്കണം. സിറിയക്കാർ നമ്മോടു ചെയ്യുന്ന ക്രൂരത ഓർമ്മിക്കുക.


ശത്രുസൈന്യത്തെ മിന്നലാക്രമണത്തിൽ യൂദാസ് പരാജയപ്പെടുത്തി. അപ്പോളോണിയസിനെ വധിച്ച് അയാളുടെ വാൾ യൂദാസ് കരസ്ഥമാക്കി.
???
അപ്പോളോണിയസിന്റെ വാൾ. ആദ്യവിജയത്തിന്റെ സ്മാരകം. ശത്രുവിന്റെ മേൽ വിജയം നല്കിയ കർത്താവായ ദൈവമേ അങ്ങേയ്ക്കു സ്തോത്രം.


അപ്പോളോണിയസിന്റെ പതനത്തെക്കുറിച്ചറിഞ്ഞ സിറിയൻ സൈന്യാധിപനായ സെറോൻ വലിയൊരു സൈന്യവുമായി യൂദാസിനെതിരേ വന്നു.
സിറിയൻ സൈന്യം താഴ്‌വരയിൽ പാളയമടിച്ചിരിക്കുകയാണ്.
അവർ പതിനായിരങ്ങളുണ്ട്. നമ്മൾ കഷ്ടിച്ചു മൂവായിരം പേർ!
നമ്മുടെ തുണ ആൾബലമല്ല. കർത്താവിന്റെ നിയമമനുസരിച്ചു ജീവിക്കാനുള്ള അവകാശത്തിനു വേണ്ടിയാണു നമ്മൾ പോരാടുന്നത്.


വനത്തിലും ചുരത്തിലും വച്ചു നാം അവരെ നേരിടും. വില്ലാളികൾ മരങ്ങളിൽ കയറി ഒളിച്ചിരിക്കുക.  അമ്പുകളിൽ വിഷം പുരട്ടണം.
!!


എല്ലായിടത്തും കെണികൾ ഒരുക്കണം. ഞാൻ കാഹളമൂതുമ്പോൾ എല്ലാവരും താഴ്വരയിലേക്ക് പാഞ്ഞിറങ്ങണം.


സിറിയൻ സൈന്യത്തിൽ നല്ലൊരു
പങ്ക് വനത്തിൽ വച്ചു കൊല്ലപ്പെട്ടു.


ചുരത്തിൽ വച്ച് മറ്റനേകരും.




സെറോന്റെ സൈന്യം ചിതറി. യഹൂദർ അവരുടെ പാളയം കൊള്ളയടിച്ചു.
ആഹാരവും ആയുധവും നമ്മുടെ ഒളിസങ്കേതങ്ങളിൽ സൂക്ഷിക്കാം. മുറിവേല്ക്കാത്ത കുതിരകളെയും കൊണ്ടു പോകണം.


മക്കബേയൂസിന്റെ പ്രശസ്തി നാടെങ്ങും വ്യാപിച്ചു. ശത്രുക്കൾ ഭയന്നു വിറച്ചു. മിത്രങ്ങൾ ആഹ്ളാദിച്ചു. ഇസ്രായേൽക്കാരുടെ ഇടയിൽ സംഭാഷണം.
നമ്മെ രക്ഷിക്കാനായി കർത്താവ് അയച്ചതാണ് മത്താത്തിയാസിന്റെ മകൻ മക്കബേയൂസിനെ.
"ചുറ്റിക " എന്നല്ലേ പേരിന്റെ അർത്ഥം. അന്തിയോക്കസിന്റെ തലയിൽ അടിക്കാൻ കർത്താവു തിരഞ്ഞെടുത്ത ചുറ്റിക.
നമ്മൾ കയ്യും കെട്ടി ഇരുന്നാൽ മതിയോ? വരൂ നമുക്കും അവരോടു ചേർന്നു യുദ്ധം ചെയ്യാം.


ഇസ്രായേൽ ജനത്തെ നിശ്ശേഷം നശിപ്പിക്കാൻ അന്തിയോക്കസ് രാജാവു തീരുമാനിച്ചു. ഗോർജിയാസിന്റെ നേതൃത്വത്തിൽ ഒരു വലിയ സൈന്യത്തെ യൂദായിലേക്കയച്ചു.
ഗോർജിയാസിന് സ്വർണ്ണവും വെള്ളിയും മാത്രം മതിയെന്നാണു കേട്ടത്.
മക്കബേയൂസിന്റെ ആൾക്കാരിൽ രണ്ടായിരം പേരെയെങ്കിലും അടിമ കളായി കിട്ടിയേക്കും.
ഈജിപ്തിൽ അടിമകൾക്കു നല്ല വില കിട്ടും. പക്ഷേ കൈവശ മുള്ള പണം തികയുമോ എന്നാ സംശയം.
ഒരു അടിമക്കച്ചവട സംഘം.


ആകട്ടെ, എന്നാ യുദ്ധം തുടങ്ങുന്നതെന്നറിയാമോ?
ഗോർജ്ജിയാസിന്റെ സൈന്യം യൂദായിൽ പ്രവേശിച്ചു കഴിഞ്ഞു.


മക്കബേയൂസും കൂട്ടരും വനത്തിലെവിടെയോ ഒളിച്ചിരിക്കയാണ്. ഇനി അവരെ തിരഞ്ഞു പിടിക്കണം.
ഏതായാലും ഒരാഴ്ചയ്ക്കകം അടിമ ലേലം ഉണ്ടാകും.


യൂദാസ് തന്റെ അനുയായികളോടൊപ്പം മിസ്പായിലെ തകർന്ന പ്രാർത്ഥനാലയത്തിനു മുമ്പിൽ ഒരുമിച്ചു കൂടി. അവിടെ വച്ചായിരുന്നു സാമുവേൽ ഇസ്രയേലിന്റെ ആദ്യത്തെ രാജാവായി സാവൂളിനെ വാഴിച്ചത്.
കർത്താവേ, അങ്ങു സ്വന്തമായി തിരഞ്ഞെടുത്ത ജനത്തിനെതിരേ പാളയമടിച്ചിരിക്കുന്ന സൈന്യത്തെ ചിതറിക്കണമേ. അങ്ങയുടെ വിശുദ്ധി ഭൂമുഖത്തെങ്ങും അറിയപ്പെടട്ടെ.


പ്രാത്ഥനയ്ക്കുശേഷം.
ഗോർജിയാസിന്റെ സൈന്യം എമ്മാവൂസിൽ പാളയമടിച്ചിരിക്കുന്നു. അവർ ഇങ്ങോട്ടു വരുന്നതിനു മുമ്പേ നാം അവരെ ആക്രമിക്കണം. സൈന്യങ്ങളുടെ കർത്താവാണ് നമ്മുടെ തുണ.


മക്കബേയൂസ് തന്റെ സൈന്യത്തെ ഗണങ്ങളായി തിരിച്ച് നേതാക്കന്മാരെ നിശ്ചയിച്ചു. അവർ എമ്മാവൂസിന്റെ തെക്കുഭാഗത്ത്, മലമ്പ്രദേശത്ത് പാളയമടിച്ചു.
അയ്യായിരം പേരുമായി ഗോർജിയാസ് പുറപ്പെട്ടിട്ടുണ്ട്. ഇന്നു രാത്രി നമ്മുടെ പാളയം ആക്രമിക്കാനാണ് തീരുമാനം.
നമ്മൾ രണ്ടു സംഘമായി പിരിയാം. ഒരു സംഘത്തെ ജോനാഥൻ നയിക്കട്ടെ. അവർ കിഴക്കു ഭാഗത്തു കൂടെ എമ്മാവൂസിലെത്തണം. ബാക്കിയുള്ളവർ എന്റെ കൂടെ പടിഞ്ഞാറു ഭാഗത്തു കൂടെ അവിടെയെത്താം.


രാത്രിയിൽത്തന്നെ
ഇരുഭാഗത്തുനിന്നും ഒപ്പം
ആക്രമിക്കണം. ഉടനെ
പുറപ്പെടാം. ആവശ്യമില്ലാത്ത
സാധനങ്ങൾ ഉപേക്ഷിക്കുക.


അവർ എമ്മാവൂസിലേക്കു നീങ്ങി.


ഏതാനും മണിക്കൂറുകൾക്കുശേഷം ഗോർജിയാസും സൈന്യവും മക്കബേയൂസ് പാളയമടിച്ചിരുന്നിടത്തെത്തി.
അവർ നമ്മെ ഭയന്ന് ഓടുകയാണ്. ഉടനെ പിന്തുടരണം. മക്കബേയൂസിനെ ജീവനോടെ പിടിക്കുന്നവർക്കു പത്തു താലന്തു സ്വർണ്ണം.
അവർ പല ദിക്കിലേക്കും പോയതായി തോന്നുന്നു. കിഴക്കോട്ടും പടിഞ്ഞാറോട്ടും കാൽപ്പാടുകൾ കാണുന്നു.


നമ്മൾ രണ്ടു ഗണമായി
അവരെ പിന്തുടരാം.
പകുതിപ്പേർ എന്റെ കൂടെ
കിഴക്കോട്ടുവരട്ടെ.
മരുഭൂമിയിൽ വച്ച് പിടികൂടാം.


പ്രഭാതമായപ്പോൾ.
അതാ നമ്മുടെ പാളയത്തിൽ നിന്നു പുക ഉയരുന്നു. ഒരു സൈന്യം ഇങ്ങോട്ടു വരുന്നുണ്ട്.
എങ്കിൽ അത് മക്കബേയൂസാണ്. ഇനി ചെറുത്തു നില്ക്കാൻ നമുക്കു കഴിയില്ല. ഓടി രക്ഷപ്പെടാം.


പാളയം കൊള്ളയടിച്ച ശേഷം മക്കബേയൂസിന്റെ സൈന്യം സന്തോഷത്തോടെ കർത്താവിനെ സ്തുതിച്ചു.
കർത്താവിനെ സ്തുതിക്കുവിൻ. അവിടുന്നു നല്ലവനാണ്. അവിടുത്തെ കാരുണ്യം അനന്തമാണ്.


ഒളിച്ചോടി രക്ഷപെട്ട പടയാളികൾ സേനാധിപനായ ലീസിയാസിനെ വിവരം അറിയിച്ചു.
അങ്ങനെ പകുതിയിലേറെപ്പേർ കൊല്ലപ്പെട്ടു. ബാക്കിയുള്ളവർ ചിതറിപ്പോയി.
മക്കബേയൂസ് എന്ന പേരു കേൾക്കു മ്പോൾത്തന്നെ പടയാ ളികളുടെ ഹൃദയം മരവിക്കുന്നു.
ആ മരവിപ്പു ഞാൻ തീർക്കും. ഇത്തവണ ഞാൻ തന്നെയാണ് സൈന്യത്തെ നയിക്കുന്നത്.


അടുത്തവർഷം അറുപതിനായിരം കാലാളും അയ്യായിരം കുതിരകളുമായി വന്ന് ലീസിയാസ് ജറുസലേമിനു തെക്ക് ബേത്സൂറിൽ പാളയമടിച്ചു. ഇതറിഞ്ഞ യൂദാസ് മക്കബേയൂസ്.
സഹോദരങ്ങളെ, നിർണ്ണായകമായ യുദ്ധമാണിത്. രാജാവിന്റെ സൈന്യാധിപൻ തന്നെയാണ് നമുക്കെതിരെ നീങ്ങുന്നത്. ഇത്തവണ വിജയിച്ചാൽ നമുക്കു സ്വാതന്ത്ര്യം ലഭിക്കും.


അവരുടെ സൈന്യം
അനേകമിരട്ടി വലുതാണ്.
എന്നാൽ പണത്തിനു വേണ്ടി
യുദ്ധം ചെയ്യുന്ന
കൂലിപ്പട്ടാളമാണധികവും.


മുന്നോട്ട് !


ലിസിയാസിന്റെ പാളയം അകലെ നിന്നു കണ്ട യഹൂദ സൈന്യം പരിഭ്രാന്തരായി. അവർ കർത്താവിനെ വിളിച്ചപേക്ഷിച്ചു.
ബാലനായ ദാവീദിന്റെ കരത്താൽ ശക്തനായ ഗോലിയാത്തിനെ വധിച്ച് ഇസ്രയേലിനെ രക്ഷിച്ച കർത്താവേ, ഞങ്ങളെ നശിപ്പിക്കാൻ വരുന്ന ഈ സൈന്യത്തിന്മേൽ ഞങ്ങൾക്കു വിജയം നല്കണമേ.


പ്രാർത്ഥനക്കുശേഷം.
ധൈര്യമായിരിക്കുവിൻ ശത്രുക്കൾ അണിനിരക്കുന്നതിനു മുമ്പേ നാം കടന്നാക്രമിക്കണം. മുന്നോട്ട്.




ഉഗ്രമായ പോരാട്ടം നടന്നു.
ഇതു യൂദായിലെ സിംഹമാണ്. രക്ഷയില്ല.


തോൽവി നിശ്ചയമാണെന്നു മനസ്സിലാക്കിയ ലിസിയാസ്.
അടുത്തവർഷം കൂടുതൽ സൈന്യങ്ങളുമായി വന്ന് ഇവരെ നേരിടാം . അടുത്ത തവണ ആനകളുമായി ത്തന്നെ വരണം.


ലിസിയാസിന്റെ മേൽ വിജയം വരിച്ചതിനു ശേഷം മക്കബേയൂസ് തന്റെ സഹോദരന്മാരുമൊത്ത്.
ലിസിയാസ് അന്തിയോക്കിയായിലേക്കു പോയിരിക്കയാണ്. കൂടുതൽ സൈന്യവുമായി മടങ്ങി വരും.
അതിന് ഒരു വർഷമെങ്കിലും വേണ്ടിവരും. നമുക്കു പോയി ദേവാലയം വീണ്ടെടുത്തു പ്രതിഷ്ഠിക്കാം.
അതാണ് വേണ്ടത്. അതിനിടയ്ക്ക് യുദ്ധത്തിന് ഒരുക്കങ്ങൾ നടത്തുകയും ചെയ്യാം.



മക്കബേയൂസും സഹോദരന്മാരും സൈന്യസമേതം ജറുസലേമിലേക്കു വന്നു. ജെറുസലെം നിവാസികൾ അവരെ ആഹ്ളാദത്തോടെ സ്വീകരിച്ചു.
ശത്രുക്കളിൽ നിന്നും രക്ഷ നല്കിയ കർത്താവിനു സ്തോത്രം.
മക്കബേയൂസ് നീണാൾ വാഴട്ടെ.
മക്കബായ സഹോദരന്മാർ ജയിക്കട്ടെ.


അവർ ദേവാലയാങ്കണത്തിലെത്തി.
കർത്താവേ, ഇതാ അവിടുത്തെ ആലയത്തിന്റെ അവസ്ഥ.
ഇനി അല്പം പോലും വൈകേണ്ട. ഇന്നു തന്നെ പണി തുടങ്ങാം.
സിറിയൻ പട്ടാളം അടുത്തുള്ള കോട്ടയിലുണ്ട്.


ആയിരം പേരുമായി ഞാൻ അവരെ
തടഞ്ഞുകൊള്ളാം.
ബാക്കിയുള്ളവർ ഇവിടെ പണിയിൽ പങ്കുചേരട്ടെ.
ബലിപീഠത്തിൽ തന്നെ
തുടങ്ങാം.


ജോനാഥൻ
പണികളുടെ ചുമതല
ഏറ്റെടുക്കണം. യൂദാസ്
കോട്ടയ്ക്ക് ഉപരോധം
ഏർപ്പെടുത്തട്ടെ.


ഈ ബലിപീഠം എന്താണു ചെയ്യേണ്ടത്?
കർത്താവിനു പ്രതിഷ്ഠിച്ചതാണിത്. അതിനാൽ വിശുദ്ധമാണ്. എന്നാൽ വിജാതീയർ അശുദ്ധമാക്കിയതിനാൽ ഇനി ഇതിന്മേൽ ബലിയർപ്പിക്കാൻ പാടില്ല.


ഇതു പൊളിച്ചെടുത്തു കല്ലുകൾ ഒരിടത്തു സൂക്ഷിക്കാം. പ്രവാചകൻ വരുമ്പോൾ ഇതെന്തു ചെയ്യണം എന്നു പറഞ്ഞു തരും. ഇപ്പോൾ പുതിയൊരു ബലിപീഠം പണിയാം.


നിയമം നിർദ്ദേശിക്കുന്നതു
പോലെ ചെത്തി
മിനുക്കാത്ത കല്ലുകൊണ്ട്
അവർ ബലിപീഠം പണിതു.


ദേവാലയത്തിന്റെ പുനരുദ്ധാരണം വളരെ വേഗം പൂർത്തിയായി. ബി.സി 164 ഡിസംബറിൽ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം നടന്നു.
ശത്രുകരങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിച്ച് അങ്ങയുടെ വിശുദ്ധി പ്രകടമാക്കിയ കർത്താവേ അങ്ങയുടെ നാമത്തിനു ഞങ്ങൾ വീണ്ടും പ്രതിഷ്ഠിക്കുന്ന ഈ ആലയത്തെ അങ്ങു വിശുദ്ധീകരിക്കണമേ.
ഹല്ലേലുയ്യ. ഹല്ലേലുയ്യ.


പ്രതിഷ്ഠാകർമ്മത്തിനു ശേഷം.
സഹോദരങ്ങളേ, ഇന്നു നാം നടത്തിയ ദേവാലയ പ്രതിഷ്ഠയുടെ ഓർമ്മ എക്കാലവും നിലനിർത്തണം. ആണ്ടു തോറും ഇന്നേ ദിവസം പ്രതിഷ്ഠാ തിരുനാൾ ആഘോഷിക്കണം.

ദേവാലയ പ്രതിഷ്ഠക്കു ശേഷം അവർ ജറുസലെം കോട്ടയുടെ
കേടുപാടുകൾ തീർത്ത് കാവൽസൈന്യത്തെ ഏർപ്പെടുത്തി.
ഇതറിഞ്ഞ് ചുറ്റുപാടുമുള്ള ജനതകൾ തങ്ങളുടെ ഇടയിൽ വസിച്ചിരുന്ന
യഹൂദരെ പീഡിപ്പിക്കാൻ തുടങ്ങി. അനേകരെ തടവുകാരാക്കി .




വലിയൊരു സൈന്യവുമായി യൂദാസ് ഏദോമ്യരെ നേരിട്ട് തോല്പിച്ചു. അവിടെയുള്ള യഹൂദരെ സ്വാതന്ത്രരാക്കിയതിനു ശേഷം അമ്മോനിലേക്കു കടന്നു.
ആ കോട്ടയിൽ നമ്മുടെ സഹോദരങ്ങൾ തടവിൽ കഴിയുന്നു. നാം അവരെ രക്ഷിക്കണം.
കർത്താവിന്റെ സഹായത്തോടെ ഈ കോട്ടയും നമുക്ക് കീഴടക്കാൻ സാധിക്കും.


മക്കബേയൂസിന്റെ സൈന്യം
കോട്ട ആക്രമിച്ചു.


യഹൂദർ കോട്ട കീഴടക്കി തങ്ങളുടെ സഹോദരങ്ങളെ രക്ഷിച്ചു. ശത്രുക്കളെ വാളിനിരയാക്കി. ഗോപുരങ്ങൾ ഇടിച്ചു നിരത്തി.
ശത്രുവിന്റെ വാളിൽനിന്നു ഞങ്ങളെ രക്ഷിച്ച കർത്താവേ, അങ്ങേയ്ക്കു സ്തുതി.
സഹോദരങ്ങളേ, നമുക്കു ജറുസലെമിലേക്കു പോകാം.


മോചിക്കപ്പെട്ടവരുടെ ഒരു വലിയ സംഘവുമായി
മക്കബേയൂസും സൈന്യവും ജറുസലേമിലെത്തി.
കർത്താവേ, അവിടുത്തെ ആലയം എത്ര മനോഹരം. അന്യരാജ്യങ്ങളിൽ ആയിരം വർഷം വസിക്കുന്നതിനെക്കാൾ മെച്ചമാണ് അങ്ങയുടെ തിരുമുറ്റത്ത് അരനാഴിക ചിലവഴിക്കുന്നത്.


സഹോദരരേ നമു ക്കിനിയും വിശ്രമിക്കാറായിട്ടില്ല. ലിസിയാസ് മടങ്ങി വരുന്നുണ്ട്.
നഗരത്തിൽ ആയുധവും ഭക്ഷണവും ശേഖരിക്കണം. കഴിയുന്നത്ര ആളു കളെ സൈന്യത്തിൽ ചേർക്കണം. എല്ലാവരും കർത്താവിനെ വിളിച്ചപേക്ഷിക്കട്ടെ. അപകടം അടുത്തെത്തിയിരി ക്കുന്നു.

## അടുത്ത ചിത്രകഥ

മക്കബേയൂസിന്റെ
പോരാട്ടങ്ങൾ, വീരചരമം,
ജോനാഥന്റെയും ശിമെയോന്റെയും
പരാക്രമങ്ങൾ.

# മക്കബായർ

# ചോദ്യങ്ങൾ

1 . സിറിയൻ രാജാവ് ഇസ്രായേൽ ജനത്തെ പീഡിപ്പിക്കാൻ കാരണമെന്ത്?
2 .  എലെയാസർ  ആട്ടിറച്ചി തിന്നാൻ വിസമ്മതിച്ചതെന്തുകൊണ്ട്?
3 . എന്തു പറഞ്ഞാണ് 'അമ്മ തന്റെ ഏഴു മക്കളെ മരണം വരിക്കാൻ പ്രേരിപ്പിച്ചത്?
4 . മത്താത്തിയാസും  മക്കളും ഏതു പട്ടണത്തിലാണ് ജീവിച്ചിരുന്നത്?
5 . മത്താത്തിയാസിന്റെ അഞ്ചു മക്കളുടെ പേര് പറയുക?.
6 . മക്കബേയൂസ് എന്ന പേരിന്റെ അർത്ഥമെന്ത്?
7 . ആരായിരുന്നു "ഹസിദിം"? ആരാണവരുടെ  പിൻഗാമികൾ?
8 . എന്തിനുവേണ്ടിയാണ് മക്കബേയൂസും  കൂട്ടരും യുദ്ധത്തിനിറങ്ങിയത്?
9 . പൊളിച്ച ബലിപീഠത്തിന്റെ കല്ലുകൾ എന്തു ചെയ്യാനാണവർ തീരുമാനിച്ചത്?
10 . പ്രതിഷ്ഠാതിരുനാൾ എന്തിന്റെ  ഓർമ്മ ആചരിക്കുന്നു?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും